"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025 -ലെ യോഗ തീരുമാനം 4.12 നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2709/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

പരാമർശം:-

1. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2025 ലെ 2082332-2025 നമ്പർ കത്ത്.
2. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.06.2025 ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025 -ലെ യോഗ തീരുമാനം 4.12

ഉത്തരവ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് എടുത്തിരുന്നു എന്നും എന്നാൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി സാംസ്കാരിക നിലയം നിർമ്മിക്കുന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ, 2022-23, 2023-24 വർഷങ്ങളിൽ ഈ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്ന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതു സംബന്ധിച്ച് ഓഡിറ്റ് പരാമർശം ഉണ്ടായത് പരിഗണിച്ച്, 2024-25 വർഷം തയ്യാറാക്കിയ പ്രോജക്ട് (പ്രോ.നം. 702/25, അടങ്കൽ ₹60.00 ലക്ഷം രൂപ എസ്.സി.പി. വിഹിതം) ഒഴിവാക്കുകയും ചെയ്തിരുന്നു. എന്നാൽ, ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ ഗ്രാമപഞ്ചായത്തുകൾ സാംസ്കാരിക നിലയം നിർമ്മാണം ആരംഭിക്കുകയും, അതനുസരിച്ച് വിഹിതം ആവശ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് ജില്ലാ പഞ്ചായത്ത് 2024-25 വർഷത്തിൽ വീണ്ടും പ്രോജക്ട് തയ്യാറാക്കി ചില ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുകയും ചെയ്തു. ഇപ്രകാരം 2024-25-ൽ വിഹിതം നൽകിയതിനും 2022-23, 2023-24 വർഷം വിഹിതം നൽകിയതിനും സാധൂകരണം നൽകാനും 2025-26-ൽ മേൽ പ്രോജക്ട് നടപ്പാക്കാനും അനുമതി

നൽകണമെന്ന് പരാമർശം (1), (2) പ്രകാരം യഥാക്രമം കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ പ്ലാനിംഗ് ഓഫീസറും ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) പ്രകാരം ചേർന്ന യോഗത്തിൽ വിശദമായി പരിശോധിച്ചു.

2022-23, 2023-24 വർഷം ഓഡിറ്റ് കുറിപ്പ് ഉള്ളതിനാൽ ഈ വർഷങ്ങളിൽ തുക ചെലവഴിച്ചതിന് സാധൂകരണം സംബന്ധിച്ച് വകുപ്പുതലത്തിൽ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് 2024-25 വർഷം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് വിഹിതം പ്രതീക്ഷിച്ച് ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കിയ സാഹചര്യത്തിലാണ് 2024-2025 ൽ വിഹിതം നൽകിയത് എന്നതിനാൽ സാധൂകരണം നൽകി ഉത്തരവാകുന്നു. 2025-26 വർഷം ഗ്രാമപഞ്ചായത്തിന് തുക നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. 2025-26 വർഷം പ്രോജക്ട് നടപ്പാക്കുമ്പോൾ സാംസ്കാരിക നിലയത്തിന് (എസ്.സി.പി വിഹിതമായതിനാൽ) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉണ്ട് എന്നുറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കണ്ണൂർ ജില്ല
ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കണ്ണൂർ ജില്ല
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ ജില്ല
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ ജില്ല
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, പ്ലാനിഗ് ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ) മീഡിയ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 07-11-2025 10:14:57
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്

തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്